## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1514 — 03.10.2016 ൽ മറുപടിയ്ക്ക്

## ഓണക്കാല വിപണി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>വകുപ്പ മന്ത്രി) |
| (എ) ഇക്കഴിഞ്ഞ ഓണക്കാലത്ത് വിപണി ഇടപെടലിനായി സപ്ലൈകോ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) 2016 - ലെ ഓണം — ബക്രീദ് ഉത്സവകാലത്ത് സംസ്ഥാനത്തുടനീളം ഓണച്ചന്തകൾ സംഘടിപ്പിച്ച് പൊതു ജനങ്ങൾക്ക് ,ന്യായവിലയ്ക്ക് പച്ചക്കറികൾ ഉൾപ്പെടെയുള്ള അവശ്യവസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാക്കി. ഈ ഓണക്കാലത്ത് 14 ജില്ലാ ഫെയറുകൾ 75 താലൂക്ക് ഫെയറുകൾ 71 ഓണം മാർക്കറ്റുകൾ എന്നിവ മുഖേന പച്ചക്കറികൾ ഉൾപ്പെടെയുള്ള അവശ്യ ഭക്ഷ്യവസ്തുക്കൾ ന്യായവിലയ്ക്ക് ലഭ്യമാക്കി. മാവേലി സ്റ്റോറുകളില്ലാത്ത 25 പഞ്ചായത്തുകളിൽ ഓണച്ചന്തകൾ സംഘടിപ്പിച്ചു. മാവേലി സ്റ്റോറുകളില്ലാത്ത മറ്റ് '7' പഞ്ചായത്തുകളിൽ മൊബൈൽ മാവേലി സ്റ്റോറുകൾ വഴി ഓണക്കാലത്ത് അവശ്യസാധനങ്ങൾ ലഭ്യമാക്കി കൂടാതെ സപ്ലൈകോയുടെ എല്ലാ ചില്ലറ വിൽപ്പനശാലകളും ഓണക്കാലത്തെ ഉത്രാടം വരെയുള്ള അഞ്ചുദിവസം ഓണം മിനിഫെയറുകളായി പ്രവർത്തിച്ചു. ഇപ്രകാരം സംസ്ഥാനത്തുടനീളം 1464 ഓണച്ചന്തകൾ പ്രവർത്തിച്ചു.<br><br>കൂടാതെ ഈ ഓണക്കാലത്ത് 16.06 ലക്ഷം BPL കുടുംബങ്ങൾക്ക് 2 കിലോ മട്ട അരി, 200 ഗ്രാം മുളക്, 100 ഗ്രാം തേയില എന്നിവയടങ്ങിയ സൗജന്യ ഓണക്കിറ്റ് വിതരണം സപ്ലൈകോ വില്പനശാലകളിലൂടെ നടത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ ഓരോ റേഷൻകാർഡിനും 1 കിലോ സ്പെഷ്യൽ പഞ്ചസാര വിതരണത്തിനുള്ള പഞ്ചസാര റേഷൻകടകളിൽ എത്തിച്ചിട്ടുണ്ട്. ഇവ |

കൂടാതെ പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള സൗജന്യ ഓണക്കിറ്റിനുള്ള സാധനങ്ങൾ സമയബന്ധിതമായി പട്ടികവർഗ്ഗ വികസന വകുപ്പിന് കൈമാറിയിട്ടുണ്ട്. സ്കൂൾ കുട്ടികൾക്കുള്ള 5 കിലോ അരിയുടെ വിതരണവും അവസാനഘട്ടത്തിലാണ്.

(ബി) ആകെ എത്ര തുകയുടെ വിറ്റുവരവാണ് ഓണം ബക്രീദ് കാലയളവിൽ സപ്ലൈകോയ്ക്ക് ലഭിച്ചത്;

(ബി) ഇക്കൊല്ലം ഓണത്തിനു മുൻപുള്ള 13 ദിവസങ്ങളിലെ മാവേലി സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ, ഓണച്ചന്തകൾ എന്നിവ മുഖേന 176.86 കോടി രൂപയുടെ വിറ്റുവരവ് ഉണ്ടായിട്ടുണ്ട്. ഇതിൽ സബ്സിഡി ഇനങ്ങളുടെ വിറ്റുവരവ് 64.68 കോടി രൂപയാണ്.

(സി) വില നിലവാരം പിടിച്ചു നിർത്തുന്നതിന് സപ്ലൈകോ സ്വീകരിക്കുന്ന തുടർ നടപടികൾ വിശദമാക്കുമോ?

(സി) നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിനെ നേരിടാൻ ശക്തമായ വിപണിയിടപെടൽ പദ്ധതി നിലവിലുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന ഇത് കാര്യക്ഷമമായി നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി പൊതുവിപണിയിൽ നിന്നും ശരാശരി 50% വരെ കുറഞ്ഞ സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങളാണ് വിൽപ്പനശാലകൾ വഴി വിതരണം ചെയ്തു വരുന്നത്.

സബ്സിഡി നിരക്കിലുള്ള വിൽപ്പനക്കുപുറമെ അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. കൂടാതെ ഉപഭോക്താവിന് നല്ല ഗുണമേൻമയുള്ള ഗോതമ്പ് പൊടി ലഭ്യമാക്കുന്നതിന് കിലോയ്ക്ക് 15 രൂപ നിരക്കിൽ ഫോർട്ടിഫൈഡ് ആട്ട 14,000 റേഷൻ കടകൾ വഴിയും സപ്ലൈകോ വിൽപ്പനശാലകൾ വഴിയും വിതരണം ചെയ്തു വരുന്നു. ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി

വിലയേക്കാൾ ഏകദേശം 20-30 ശതമാനം വിലക്കുറവിൽ വിറ്റു വരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, FMCG ഉൽപ്പന്നങ്ങളും MRP യേക്കാൾ / മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. ഇങ്ങനെ പൊതു വിപണിയിൽ സപ്ലൈകോ സജീവമായി ഇടപെട്ട് പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലക്കയറ്റം ഫലപ്രദമായ രീതിയിൽ നിയന്ത്രിക്കുവാനുള്ള നടപടികളെടുത്തു വരുന്നു.

സെക്ഷൻ ഓഫീസർ